# മാതൃകാചോദ്യപേപ്പർ SET 3

# LSS EXAMINATION - FEBRUARY 2016

## Paper II - Part A - പരിസരപഠനം

**ഒറ്റ വാക്കിൽ ഉത്തരം എഴുതുക.** (1 score x 10 = 10)

1. ഇ.വി. രാമസ്വാമി നായ്ക്കർ കേരളത്തിലെ ഏതു സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ടിരിക്കുന്നു?

   A ഗുരുവായൂർ സത്യഗ്രഹം   B വൈക്കം സത്യഗ്രഹം

   C ഉപ്പു സത്യഗ്രഹം   D വാഗൺ ട്രാജഡി

2. വിനോദസഞ്ചാരത്തിനായി തട്ടേക്കാട് പക്ഷി സങ്കേതത്തിലെത്തിയ വില്യം കേരളത്തിലെ മറ്റൊരു പക്ഷിസങ്കേതത്തെക്കുറിച്ചറിയുന്നു. ഏതാണത്?

   A കുമരകം   B തേക്കടി

   C തേന്മല   D വയനാട്

3. താഴെപ്പറയുന്നവയിൽ കിഴക്കോട്ടൊഴുകുന്ന നദി.

   A പമ്പ   B നിള

   C പാമ്പാർ   D പെരിയാർ

4. പ്രാദേശിക ഭാഷകളായി ഭരണഘടന അംഗീകരിച്ചിരിക്കുന്ന ഭാഷകളുടെ എണ്ണം

   A 16   B 23

   C 15   D 22

5. ഞാനാര്?

   "ആടി ആടി നിന്നതും ഞാൻ
   അഴകനെ പെറ്റതും ഞാൻ
   അഴകനിതാ അറയിലും മുറിയിലും
   ഞാനിതാ ചേറ്റിലും ചെളിയിലും"

   A മഞ്ഞൾ   B നെല്ല്

   C ചേന   D കുരുമുളക്

6. സംസ്ഥാന മത്സ്യം

   A ഡോൾഫിൻ   B കൊഞ്ച്

   C ഗംഗാഡോൾഫിൻ   D കരിമീൻ

7. മുളക്കുന്ന വിത്തിന്റെ ഏതു ഭാഗമാണ് കാണ്ഡമായി മാറുന്നത്?

   A ബീജപത്രങ്ങൾ   B ബീജമൂലം

   C ബീജ ശീർഷം   D ബീജ കവചം

8. കറുത്തവാവിനനുയോജ്യമായ പ്രസ്താവന ഏത്?

   A ചന്ദ്രനെ കാണുന്നു   B ചന്ദ്രനെ കാണുന്നില്ല

C ഭൂമി ചന്ദ്രനും സൂര്യനുമിടയിൽ   D ഇതൊന്നുമല്ല

9. തപാൽ സ്റ്റാമ്പിൽ പ്രത്യക്ഷപ്പെട്ട ആദ്യമലയാളി?

A വി. അൽഫോൻസാമ്മ   B വി. ചാവറയച്ചൻ

C ചട്ടമ്പി സ്വാമി   D ശ്രീനാരായണ ഗുരു

10. കോട്ടയത്തിന്റെ അയൽജില്ലകളാണ് താഴെ ചിത്രീകരിച്ചിരിക്കുന്നത്. വിട്ടുപോയ കോളം പൂരിപ്പിക്കുക.

| | | | | |
|---|---|---|---|---|
| | | വടക്ക് | | |
| | | എറണാകുളം | | |
| പടിഞ്ഞാറ് | ആലപ്പുഴ | കോട്ടയം | ഇടുക്കി | കിഴക്ക് |
| | | ? | | |
| | | തെക്ക് | | |

A പത്തനംതിട്ട   B തൃശൂർ

C പാലക്കാട്   D മലപ്പുറം

**വിശദമായി ഉത്തരം എഴുതുക**

1. ഹർഷ തന്റെ പരിസരപുസ്തകത്തിൽ എഴുതിയ ഒരു നിരീക്ഷണ കുറിപ്പാണിത്. എണ്ണമയമുള്ള തൂവൽ, വെള്ളത്തിൽ നിന്നും ചെളിയിൽ നിന്നും ഇരപിടിക്കാൻ കഴിയുന്ന കൊക്കുകൾ, ചർമ്മബന്ധിതമായ വിരലുകൾ എന്നിങ്ങനെ.

a) നിരീക്ഷണ കുറിപ്പിലെ പക്ഷി ഏത്? (score 1)

b) അണ്ണാൻ, പരുന്ത് എന്നീ ജീവികളുടെ അനുകൂലനങ്ങൾ എഴുതുക. (score 4)

2. റിപ്പബ്ലിക് ദിനത്തിൽ ധീരതയ്ക്കുള്ള അവാർഡുവാങ്ങാൻ അബു അവന്റെ ബാപ്പയുമായി ഡൽഹിയിലെത്തി. തദവസരത്തിൽ വിവിധ സംസ്ഥാനങ്ങളുടെ തനതുകലാരൂപങ്ങൾ കാണുവാനും സാധിച്ചു. മോഹിനിയാട്ടം, ഭരതനാട്യം, കുച്ചുപ്പുടി, ബംഗാല നൃത്തം, കഥക് എന്നിവ കണ്ടു. ഇവ ഓരോന്നും ഏതു സംസ്ഥാനങ്ങളുടെ തനതു കലാരൂപമെന്ന് കണ്ടെത്തിയെഴുതുക. (score 5)

# ഉത്തരസൂചിക

**ഒറ്റവാക്കിൽ ഉത്തരം എഴുതേണ്ടവ.** (1 score x 10 = 10)

1. b) വൈക്കം സത്യഗ്രഹം
2. a) കുമരകം
3. c) പാമ്പാർ
4. d) 22
5. b) നെല്ല്
6. d) കരിമീൻ
7. c) ബീജശീർഷം
8. b) ചന്ദ്രനെ കാണുന്നില്ല
9. d) ശ്രീനാരായണ ഗുരു
10. a) പത്തനംതിട്ട

1. a) താറാവ് (score 1)

   b) അനുകൂലനങ്ങൾ

   അണ്ണാൻ
   * മൂർച്ചയേറിയ നഖങ്ങൾ മരങ്ങളിൽ പിടിച്ചുകയറാൻ സഹായിക്കുന്നു.
   * ശത്രു ജീവികൾക്ക് പെട്ടെന്ന് തിരിച്ചറിയാൻ കഴിയാത്ത നിറം. (score 2)

   പരുന്ത്
   * വളഞ്ഞ് മൂർച്ചയുള്ള കൊക്കുകൾ
   * ഇരയെ കോർത്തു പിടിക്കുന്നതിന് കൂർത്തു വളഞ്ഞ് മൂർച്ചയേറിയ നഖങ്ങൾ

   (score 2)

2.

| | | |
|---|---|---|
| മോഹിനിയാട്ടം | - | കേരളം |
| ഭരതനാട്യം | - | തമിഴ്നാട് |
| കുച്ചുപ്പുടി | - | തെലുങ്കാന |
| ബംഗാലനൃത്തം | - | മിസ്സോറാം |
| കഥക് | - | ഉത്തർപ്രദേശ് |

(score 5)